ടി.കെ ഉബൈദ്



സൂറ - 46

# അൽ അഹ്ഖാഫ്

الأحقاف

## സൂക്തം 01-03

ശാരീരികമായും മാനസികമായും അങ്ങേയറ്റം വ്രണിതനായി ത്വാഇഫിൽനിന്ന് തിരിച്ചു പോരുമ്പോൾ മലക്കുകൾ വന്ന് പ്രവാചകനോടോതി: "അങ്ങ് കൽപിക്കുകയാണെങ്കിൽ ഞങ്ങൾ ഈ മല മറിച്ചിട്ട് ത്വാഇഫിനെ നശിപ്പിക്കാം." പ്രവാചകൻ പ്രതിവചിച്ചതിങ്ങനെയാണ്: "അരുത്, ഭാവിയിൽ അവരുടെ വംശത്തിൽ ഏകനായ അല്ലാഹുവിന് വഴിപ്പെട്ടു ജീവിക്കുന്ന നല്ല തലമുറയുണ്ടായി വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

### ആമുഖം

21-ാം സൂക്തം പരാമർശിക്കുന്ന 'അൽ അഹ്ഖാഫ്' എന്ന സ്ഥലനാമമാണ് ഈ സൂറയുടെ ഔദ്യോഗിക നാമമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അഹ്ഖാഫ് പരാമർശിക്കുന്ന സൂറ എന്നതാണ് നാമകരണത്തിന്റെ ഔചിത്യം. ഖുർആനിൽ മറ്റെവിടെയും ഈ പദം വന്നിട്ടില്ല എന്നതും പ്രത്യേകതയാണ്.

സൂറ പൂർണമായും മക്കയിൽ അവതരിച്ചതാണെന്നതിൽ ചരിത്രകാരന്മാർ പൊതുവിൽ യോജിച്ചിരിക്കുന്നു. ഇതിലെ 10, 15-18, 35 സൂക്തങ്ങൾ മദീനയിലവതരിച്ചതാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അതിന് ഉന്നയിക്കപ്പെടുന്ന ന്യായങ്ങൾ ദുർബലമാകുന്നു. മുസ്ഹഫിൽ 46-ാമതായി ചേർത്തിട്ടുള്ള *അൽഅഹ്ഖാഫ്* അവതരണക്രമമനുസരിച്ച് 45-ാം സൂറയാണ്. സൂറ അൽ ജാഥിയക്കു ശേഷം അദ്ദാരിയാത്തിനു മുമ്പാണിതിന്റെ അവതരണം. മുഹമ്മദി(സ)ന്റെ പ്രവാചകത്വലബ്ധിയുടെ പത്താം വർഷമായിരുന്നു അവതരണമെന്ന് സൂചിപ്പിക്കുന്ന ഒരു ചരിത്ര സംഭവം ഈ സൂറ 29-32 സൂക്തങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്- ജിന്നുകൾ പ്രവാചകന്റെ ഖുർആൻ പാരായണം ശ്രവിച്ച സംഭവം. അതുണ്ടായത് പ്രവാചകത്വത്തിന്റെ പത്താം വർഷം നബി ത്വാഇഫ് സന്ദർശിച്ചു മടങ്ങുമ്പോഴായിരുന്നുവെന്ന് ഹദീസ് നിവേദകരും ചരിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്നു.

പ്രവാചകൻ തന്റെ ദുഃഖവർഷം -عام الحزن- എന്നു വിശേഷിപ്പിച്ച കാലമാണ് പ്രവാചകത്വത്തിന്റെ പത്താം ആണ്ട്. ഖുറൈശികളുടെ രൂക്ഷമായ എതിർപ്പും മർദനവും നേരിട്ടു കൊണ്ടിരുന്ന പ്രവാചകന്ന് മക്കയിലുണ്ടായിരുന്ന താങ്ങും തണലുമായിരുന്ന പിതൃവ്യൻ അബൂത്വാലിബും പ്രിയ പത്നി ഖദീജ(റ)യും മരണപ്പെട്ടത് ഇക്കാലത്താണ്. മുസ്‌ലിംകൾ അന്ന് ഖുറൈശികളുടെ ഊരു വിലക്കും അനുഭവിക്കുന്നുണ്ടായിരുന്നു. തനിക്കുണ്ടായിരുന്ന താങ്ങും തണലും മൺമറഞ്ഞപ്പോൾ പ്രവാചകന്റെ അവശതയും നിസ്സഹായതയും പതിന്മടങ്ങായി. ഈ സാഹചര്യത്തിൽ തിരുമേനി ത്വാഇഫിലേക്ക് യാത്രയായി. ഒരു വാഹനം പോലും അദ്ദേഹത്തിനു ലഭ്യമായില്ല. കാൽന

ടയായിട്ടായിരുന്നു സഞ്ചാരം. ത്വാഇഫിലെ സഖീഫ് ഗോത്രത്തെ ഇസ്‌ലാമിലേക്കു ക്ഷണിക്കുകയായിരുന്നു ലക്ഷ്യം. ഒരുവേള അവര്‍ ഇസ് ലാം സ്വീകരിച്ചില്ലെങ്കില്‍ അവരുടെ സംരക്ഷണത്തില്‍ തനിക്ക് ഇസ് ലാം പ്രബോധനം ചെയ്യാനുള്ള അവസരം ലഭിക്കുകയെങ്കിലും ചെയ്യുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. ആ പ്രതീക്ഷ തികച്ചും അസ്ഥാനത്തായിരുന്നു. ത്വാഇഫിലെത്തിയ പ്രവാചകനെ അവര്‍ സ്വീകരിച്ചില്ലെന്നു മാത്രമല്ല എറിഞ്ഞോടിക്കുകയും ചെയ്തു.

ശാരീരികമായും മാനസികമായും അങ്ങേയറ്റം വ്രണിതനായി ത്വാഇഫില്‍നിന്ന് തിരിച്ചു പോരുമ്പോള്‍ മലക്കുകള്‍ വന്ന് പ്രവാചകനോടോതി: "അങ്ങ് കല്‍പിക്കുകയാണെങ്കില്‍ ഞങ്ങള്‍ ഈ മല മറിച്ചിട്ട് ത്വാഇഫിനെ നശിപ്പിക്കാം." പ്രവാചകന്‍ പ്രതിവചിച്ചതിങ്ങനെയാണ്: "അരുത്, ഭാവിയില്‍ അവരുടെ വംശത്തില്‍ ഏകനായ അല്ലാഹുവിന് വഴിപ്പെട്ടു ജീവിക്കുന്ന നല്ല തലമുറയുണ്ടായി വരുമെന്ന് ഞാന്‍ പ്രതീക്ഷിക്കുന്നു."

ത്വാഇഫില്‍നിന്ന് മടങ്ങിയ പ്രവാചകന്‍ ഉടനെ മക്കയിലേക്കു പോകാന്‍ മടിച്ചു. ത്വാഇഫില്‍ തനിക്കുണ്ടായ തിക്താനുഭവം ഇതിനകം ഖുറൈശികള്‍ അറിഞ്ഞു കഴിഞ്ഞിരിക്കും. അത് തനിക്കു നേരെയുള്ള അവരുടെ എതിര്‍പ്പിനും മര്‍ദനത്തിനും ശക്തി കൂട്ടും എന്ന് തിരുമേനി ആശങ്കിച്ചു. അതിനാല്‍, മാര്‍ഗ മധ്യേ ഏതാനും നാള്‍ നഖ്‌ല എന്ന സ്ഥലത്തു തങ്ങി, അന്നൊരു രാത്രി പ്രവാചകന്‍ ഖുര്‍ആന്‍ പാരായണം ചെയ്തു നമസ്‌കരിച്ചുകൊണ്ടിരിക്കുമ്പോള്‍ അതുവഴി കുറെ ജിന്നുകള്‍ കടന്നുപോകാനിടയായി. ഖുര്‍ആന്‍ കേട്ട ജിന്നുകള്‍ അതില്‍ ആകൃഷ്ടരാവുകയും സത്യവിശ്വാസം സ്വീകരിക്കുകയും സ്വസമൂഹത്തില്‍ ചെന്ന് ഖുര്‍ആനിക സന്ദേശം പ്രബോധനം ചെയ്യുകയുമുണ്ടായി. ഈ സംഭവമാണ് 29-32 സൂക്തങ്ങളില്‍ പറയുന്നത്. സ്വന്തം സമുദായം ഖുര്‍ആനിനെ തള്ളിപ്പറയുന്നതില്‍ പ്രവാചകന്‍ നിരാശനാകേണ്ടതില്ലെന്നും ജിന്നുകള്‍ അതു കൈക്കൊള്ളുകയും അവരുടെ സമൂഹത്തില്‍ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പ്രവാചകനെ ആശ്വസിപ്പിക്കുകയാണതില്‍.

**സ്വന്തം സമുദായം ഖുര്‍ആനിനെ തള്ളിപ്പറയുന്നതില്‍ പ്രവാചകന്‍ നിരാശനാകേണ്ടതില്ലെന്നും ജിന്നുകള്‍ അതു കൈക്കൊള്ളുകയും അവരുടെ സമൂഹത്തില്‍ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പ്രവാചകനെ ആശ്വസിപ്പിക്കുന്നു.**

ഹാ-മീം കൊണ്ടു തുടങ്ങുന്ന സപ്ത സൂറകളില്‍ അവസാനത്തേതാണിത്. മുന്‍ ഹാ-മീം സൂറകള്‍ കൈകാര്യം ചെയ്ത പ്രമേയം തന്നെയാണീ സൂറയും കൈകാര്യം ചെയ്യുന്നത്. അവതരണ കാലത്ത് നബി (സ) നടത്തിയ ത്വാഇഫ് യാത്രയും അതിലുണ്ടായ ദാരുണമായ ദുരനുഭവങ്ങളുമൊന്നും ഈ സൂറ പരാമര്‍ശിക്കുന്നില്ല. പകരം സത്യധര്‍മങ്ങള്‍ തള്ളിക്കളഞ്ഞ് അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വിഹരിക്കുന്ന ധിക്കാരികള്‍ ഈ ഖുര്‍ആനിനെയും അതു പഠിപ്പിക്കുന്ന ഏകദൈവത്വം, പ്രവാചകത്വം തുടങ്ങിയ തത്ത്വങ്ങളെയും എത്രയൊക്കെ നിഷേധിച്ചാലും ഇത് അല്ലാഹുവിങ്കല്‍നിന്ന് അവതീര്‍ണമായ വേദവചനങ്ങള്‍ തന്നെയാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ടാണ് ഈ സൂറയും ആരംഭിക്കുന്നത്. തുടര്‍ന്ന് യുക്തിയുക്തവും നീതിപൂര്‍വവുമായ പ്രപഞ്ച സൃഷ്ടിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇത് പാഴ്‌വേലയായും കേവലം കളിയായും സൃഷ്ടിക്കപ്പെട്ടതല്ല; അതിനു പിന്നില്‍ വ്യക്തമായ ഉദ്ദേശ്യവും ലക്ഷ്യവുമുണ്ട്. മനുഷ്യന്‍ എന്ന സൃഷ്ടിയെ അവന്റെ ജന്മ ലക്ഷ്യം പഠിപ്പിക്കുന്ന പാഠപുസ്തകമാണീ ഖുര്‍ആന്‍. അവന്‍ ജന്മലക്ഷ്യം പൂര്‍ത്തീകരിച്ചുവോ എന്നു പരിശോധിക്കാന്‍ ഒരു നാള്‍ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതാണ് ഉയിര്‍ത്തെഴുന്നേല്‍പു നാള്‍.

മുഹമ്മദ് നബി മനുഷ്യരില്‍ ആഗതനാകുന്ന ആദ്യത്തെ പ്രവാചകനല്ല. നേരത്തെ നിരവധി പ്രവാചകന്മാര്‍ ആഗതരായിരിക്കുന്നു. അവര്‍ പ്രബോധനം ചെയ്ത ആദര്‍ശം തന്നെയാണ് മുഹമ്മദ് (സ) പ്രബോധനം ചെയ്യുന്നത്. യഹൂദ-ക്രൈസ്തവ വേദങ്ങള്‍ അതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. യഹൂദരിലെ ഒരു പ്രമുഖന്‍ ഇപ്പോള്‍ ഈ പ്രവാചകനെ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. പാവങ്ങളും പതിതരും അദ്ദേഹത്തില്‍ വിശ്വസിക്കുന്നു എന്നത് വരേണ്യരെ അല്ലാഹുവിന്റെ അനുഗ്രഹം തള്ളിക്കളയാന്‍ പ്രേരിപ്പിച്ചുകൂടാത്തതാണ്. തുടര്‍ന്ന് ഖുര്‍ആനില്‍ വിശ്വസിക്കുക ഏതുതരം ആളുകളാണെന്നും, നിഷേധിക്കുക ഏതു തരക്കാരാണെന്നും വിശദീകരിക്കുന്നു.

അതിനുശേഷം ഒരു ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് ഖുറൈശികളെ താക്കീതു ചെയ്യുന്നു: നിങ്ങളെക്കാള്‍ ശക്തിയും സമ്പത്തും ജനസംഖ്യയും പ്രതാപവുമൊക്കെ ഉള്ളവരായിരുന്നു ആദ് ജനം. നിങ്ങളെപ്പോലെ സ്വന്തം ശക്തിയിലും സ്ഥാനമാനങ്ങളിലും അഹങ്കരിച്ച് ദൈവദൂതനെ ധിക്കരിക്കുകയായിരുന്നു അവരും. സത്യത്തിന്റെയും ധര്‍മത്തിന്റെയും സകല പരിധികളും ലംഘിച്ചപ്പോള്‍ അല്ലാഹു അവരെ

നശിപ്പിച്ചു കളഞ്ഞു. പ്രവാചക വിരോധത്തിൽ തന്നെ മുന്നോട്ടു പോവുകയാണെങ്കിൽ അവർ നേരിട്ട ദുരന്തം തന്നെയാണ് നിങ്ങൾക്കും നേരിടേണ്ടി വരിക.

ഒടുവിൽ ജിന്നുകൾ പ്രവാചകന്റെ ഖുർആൻ പാരായണം കേട്ടതും അത് അവരിൽ സൃഷ്ടിച്ച സ്വാധീനവും വർണിക്കുന്നു. സത്യനിഷേധികളെ ദുഷിച്ച പര്യവസാനം ഭീഷണിപ്പെടുത്തിക്കൊണ്ടും, ഏതു പ്രതിസന്ധിയിലും ക്ഷമയോടെ, സ്ഥൈര്യത്തോടെ നിലകൊള്ളണമെന്ന് പ്രവാചകനെ ഉപദേശിച്ചുകൊണ്ടും സൂറ സമാപിക്കുന്നു. ●

3"1

*പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ*

حمٓ ﴿١﴾ تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿٢﴾

*1*

*ഹാ - മീം*

*2*

*ഈ വേദാവരോഹണം അജയ്യനും യുക്തിമാനുമായ അല്ലാഹുവിങ്കൽനിന്നാകുന്നു.*

| | |
|---|---|
| ഹാ - മീം | حمٓ |
| ഈ വേദാവരോഹണം | تَنزِيلُ الْكِتَابِ |
| അല്ലാഹുവിങ്കൽനിന്നാകുന്നു | مِنَ اللَّهِ |
| അജയ്യനും അഭിജ്ഞനും, യുക്തിമാനുമായവനായ | الْعَزِيزِ الْحَكِيمِ |

**ഹാ** - മീം എന്ന പ്രാരംഭ ശബ്ദം ഇതിനു മുമ്പുള്ള ആറു സൂറകളിൽ വന്നിട്ടുള്ളതും ചർച്ച ചെയ്യപ്പെട്ടതുമാണ്. تَنزِيلُ..........الْحَكِيمِ എന്ന സൂക്തം നേരത്തെ ഹാ-മീം കൊണ്ട് തുടങ്ങുന്ന *അസ്സുമർ, ഗാഫിർ, അൽജാഥിയ* സൂറകളുടെ തുടക്കത്തിൽ ഇതേ പദങ്ങളിൽ തന്നെ വന്നിരിക്കുന്നു. മറ്റു ഹാ-മീം സൂറകളും ഖുർആനെ മഹത്വപ്പെടുത്തിക്കൊണ്ടാണ് തുടങ്ങുന്നത്. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. തൊട്ടു മുമ്പുള്ള സൂറയുടെ തുടക്ക വാക്യം അതേ പദങ്ങളിൽ ഈ സൂറയുടെ തുടക്കത്തിലും ആവർത്തിച്ചിരിക്കുകയാണ്. രണ്ടു സൂറയുടെയും പ്രമേയങ്ങൾ തമ്മിലുള്ള പൊരുത്തവും പ്രഭാഷണ ശൈലിയുടെ ഏകതാനതയും അതിൽനിന്ന് പ്രകടമാകുന്നു. കഴിഞ്ഞ ഹാ-മീം സൂറകളുടെ സാരസംഗ്രഹമാണീ സൂറയെന്നും മനസ്സിലാക്കാം. ●

مَا خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ إِلَّا بِٱلْحَقِّ وَأَجَلٍ مُّسَمًّى
وَٱلَّذِينَ كَفَرُوا۟ عَمَّآ أُنذِرُوا۟ مُعْرِضُونَ ﴿٣﴾

**ഭൗതിക പ്രപഞ്ചത്തിന് ഒരു പരിസമാപ്തിയും അനന്തര വിചാരണയും ഇല്ലെങ്കിൽ പ്രപഞ്ച ഘടനയിൽ കാണപ്പെടുന്ന യുക്തിയുക്തതയും ആസൂത്രണവും നൈതികതയും നിരർഥകമാണെന്നു വരും. അതാകട്ടെ, സർവജ്ഞനും സർവശക്തനും നീതിമാനുമായ സ്രഷ്ടാവിൽനിന്ന് പ്രതീക്ഷിക്കാവതല്ല.**

*3*
*വാന ഭുവനങ്ങളെയും അവയ്ക്കിടയിലുള്ള സകലതിനെയും നാം സൃഷ്ടിച്ചിട്ടുള്ളത് തികഞ്ഞ യാഥാർഥ്യത്തോടെയും കൃത്യമായ അവധി നിശ്ചയിച്ചുകൊണ്ടും തന്നെയാകുന്നു. എന്നാൽ, ആ സത്യം നിഷേധിച്ചവർ തങ്ങൾക്കു ലഭിച്ച മുന്നറിയിപ്പ് അവഗണിച്ചു തള്ളുകയാകുന്നു.*

| | |
|---|---|
| നാം സൃഷ്ടിച്ചിട്ടില്ല(ട്ടുള്ളത്) | مَا خَلَقْنَا |
| വാനഭുവനങ്ങളെയും അവക്കിടയിലുള്ള (സകല)തിനെയും | السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا |
| സത്യംകൊണ്ട് അല്ലാതെ (തികഞ്ഞ യാഥാർഥ്യത്തോടെയും) | إِلَّا بِالْحَقِّ |
| (കൃത്യമായ) അവധി നിശ്ചയിച്ചുകൊണ്ടും തന്നെയാകുന്നു | وَأَجَلٍ مُّسَمًّى |
| (എന്നാൽ ആ സത്യം) നിഷേധിച്ചവർ | وَالَّذِينَ كَفَرُوا |
| അവർ മുന്നറിയിപ്പ് നൽകപ്പെടുന്നതിൽനിന്ന് പിന്തിരിയുന്നവർ (തങ്ങൾക്കു ലഭിച്ച മുന്നറിയിപ്പ് അവഗണിച്ചു തള്ളുക) യായിരുന്നു | عَمَّا أُنذِرُوا مُعْرِضُونَ |

**പ്രപഞ്ച ഘടകങ്ങളുടെ നാശവും പുനരുൽപാദനവും തന്നെ മൊത്തം പ്രപഞ്ചത്തിനും ഒരു നാശവും പുനരുത്ഥാനവുമുണ്ടെന്ന് സൂചിപ്പിക്കുന്നുണ്ട്. ഭൗതിക പ്രപഞ്ചത്തിൽ ന്യൂനീകരിക്കപ്പെട്ട നീതി അഭൗതിക പ്രപഞ്ചത്തിൽ- പരലോകത്ത്- സമ്പൂർണമായി സാക്ഷാത്കരിക്കപ്പെടും. അതിനുള്ള സംവിധാനമാണ് ഉയിർത്തെഴുന്നേൽപ്.**

ഈ വചനം നേരിയ വ്യത്യാസത്തോടെ കഴിഞ്ഞ സൂറ *അൽ ജാഥിയ*യിൽ 22-ാം സൂക്തമായി വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടതുമാകുന്നു. അതിനു മുമ്പ് 6:73, 10:5,6, 14:19 തുടങ്ങി അനേകം സൂക്തങ്ങളിലും ഇതു വന്നിരിക്കുന്നു. മാനവ മാർഗദർശനത്തിനായി വിശുദ്ധ ഖുർആൻ അവതരിപ്പിച്ചതിന്റെ ന്യായവും ലക്ഷ്യവും വ്യക്തമാക്കുകയും, ഈ മാർഗദർശനത്തെ അവിശ്വസിക്കുകയും അവഗണിച്ചു തള്ളുകയും ചെയ്യുന്നവരുടെ നിലപാടിൽ പരിതപിക്കുകയുമാണ് ഇവിടെ ഇതാവർത്തിച്ചതിന്റെ താൽപര്യം.

അല്ലാഹു യുക്തിയിലും നീതിയിലും അധിഷ്ഠിതമായി സോദ്ദേശ്യം ലക്ഷ്യോന്മുഖമായി സൃഷ്ടിച്ചിട്ടുള്ളതാണ് ആകാശഭൂമികളും അവയ്ക്കിടയിലുള്ളതും - പ്രപഞ്ച സാകല്യം. അത് നാശത്തിന്റെയും പുനഃനിർമിതിയുടെയും ജനിമൃതികളുടെയും അനന്ത നൈരന്തര്യമായി എന്നെന്നും നിലനിൽക്കുന്നതല്ല. അതിന് നൈതികമായ ഒരു പര്യവസാനമുണ്ട്. അനന്തരം അതിൽ നീതിയും ധർമവും -الحقّ- സാക്ഷാൽക്കരിക്കപ്പെട്ടുവോ എന്ന് പരിശോധിക്കപ്പെടും. ഇഛാശക്തിയും കർമസ്വാതന്ത്ര്യവുമുള്ള സൃഷ്ടിയായ മനുഷ്യന് ആ പര്യവസാനത്തെക്കുറിച്ചു മുന്നറിയിപ്പ് നൽകുകയും അതിനെ വിജയകരമായി നേരിടേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ആ മുന്നറിയിപ്പും ബോധനവുമാണ് ഈ വേദത്തിന്റെ അവതരണ ലക്ഷ്യം. പക്ഷേ, നിർഭാഗ്യവാന്മാരായ മനുഷ്യർ അവർക്കു ലഭിക്കുന്ന ഗുരുതരമായ മുന്നറിയിപ്പുകളും ഉൽബോധനങ്ങളും അവഗണിച്ചു തള്ളിക്കളയുകയാണ്.

ഭൗതിക പ്രപഞ്ചത്തിന് ഒരു പരിസമാപ്തിയും അനന്തര വിചാരണയും ഇല്ലെങ്കിൽ പ്രപഞ്ച ഘടനയിൽ കാണപ്പെടുന്ന യുക്തിയുക്തതയും ആസൂത്രണവും നൈതികതയും നിരർഥകമാണെന്നു വരും. അതാകട്ടെ, സർവജ്ഞനും സർവശക്തനും നീതിമാനുമായ സ്രഷ്ടാവിൽനിന്ന് പ്രതീക്ഷിക്കാവതല്ല. സർവജ്ഞനായ ദൈവം, യുക്തിയുക്തവും നീതിപൂർവവുമായ ഘടനയിലും പ്രകൃതിയിലും അത്ഭുതകരമായ അനേകം ഗുണങ്ങളുള്ള സൃഷ്ടികളെ ആസൂത്രിതമായി സൃഷ്ടിക്കുക, എന്നിട്ട് ആ സൃഷ്ടിക്ക് യാതൊരർഥവും ലക്ഷ്യവും നിശ്ചയിക്കാതിരിക്കുകയും ചെയ്യുക എന്നത് സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല. പ്രപഞ്ച ഘടകങ്ങളുടെ നാശവും പുനരുൽപാദനവും തന്നെ മൊത്തം പ്രപഞ്ചത്തിനും ഒരു നാശവും പുനരുത്ഥാനവുമുണ്ടെന്ന് സൂചിപ്പിക്കുന്നുണ്ട്. ഭൗതിക പ്രപഞ്ചത്തിൽ ന്യൂനീകരിക്കപ്പെട്ട നീതി അഭൗതിക പ്രപഞ്ചത്തിൽ- പരലോകത്ത്- സമ്പൂർണമായി സാക്ഷാത്കരിക്കപ്പെടും. അതിനുള്ള സംവിധാനമാണ് ഉയിർത്തെഴുന്നേൽപ്. ●